## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4063 — 16.12.2014-ൽ മറുപടിക്ക്

### പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ അഴിമതി അവസാനിപ്പിക്കുവാൻ നടപടി

| ചോദ്യം<br>ശ്രീ. സി.പി. മുഹമ്മദ് : | മറുപടി<br>ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി) |
|---|---|
| (എ) സർവ്വീസ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ നടന്നുവരുന്ന ധൂർത്തും അഴിമതിയും അവസാനിപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; | (എ) നടപടി സ്വീകരിക്കാറുണ്ട്. |
| (ബി) അഴിമതി, മറ്റു ചട്ടവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്ന സംഘം ഭാരവാഹികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാമോ; | (ബി) അന്വേഷണം നടത്തുന്ന വേളകളിലോ, പരിശോധനയിലോ, ആഡിറ്റ് നടത്തുമ്പോഴോ, നിയമത്തിന് വിരുദ്ധമായ പ്രവർത്തനങ്ങൾ, അഴിമതി എന്നിവ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ കേരള സഹകരണ നിയമം, ചട്ടം അനുശാസിക്കുന്ന നടപടികൾ, ബന്ധപ്പെട്ട ഭാരവാഹികൾ, ജീവനക്കാർ എന്നിവർക്കെതിരെ സ്വീകരിക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്. |
| (സി) ഇതു സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർക്കും താലൂക്ക് ജില്ലാതല അധികാരികൾക്കും | (സി) നിർദ്ദേശം നിലവിലുണ്ട്. പരാതികളിന്മേൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കുകയും കേരള സഹകരണ നിയമം വകുപ്പ് 65, 66 പ്രകാരമുള്ള |

ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കുവാനും സംഘം ഫണ്ട് അനാവശ്യമായി അനുമതിയില്ലാതെ ചെലവഴിക്കുന്നവർക്കെതിരെ സഹകരണ നിയമത്തിലെ സർച്ചാർജ് ഉൾപ്പെടെയുള്ള നിയമനടപടി സ്വീകരിക്കുന്നതിനും പൊതു നിർദ്ദേശം നൽകുമോ ?

അന്വേഷണം/പരിശോധന നടത്തുകയും ആവശ്യമാണെങ്കിൽ വകുപ്പ് 68 പ്രകാരമുള്ള സർചാർജ്ജ് അടക്കമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ആയതിനാൽ പൊതു നിർദ്ദേശം നൽകേണ്ട ആവശ്യമില്ല.

**സെക്ഷൻ ഓഫീസർ**